# 'ചിലർക്ക് സന്തോഷം ചിലർക്ക് ഭ്രമം'

## മത്തായി 02:03

**"ഹെരോദാ രാജാവു അതു കേട്ടിട്ടു അവനും യരുശലേം ഒക്കെയും ഭ്രമിച്ചു"**

കർത്താവിന്റെ ജനന വാർത്തയറിഞ്ഞ യഹൂദ രാജാവിന്റെ പ്രതികരണമാണ് നാം ഈ വാക്യത്തിൽ കണ്ടത്. സർവ്വ ജനത്തിനുമുണ്ടാകുന്ന മഹാ സന്തോഷമെന്ന് ക്രിസ്തുവിന്റെ ജനനത്തെപ്പറ്റി വചനം പറയുന്നു. ജീവിതത്തിൽ സാധാരണയിൽ സാധാരണക്കാരായി ജീവിച്ച ആട്ടിടയർ കർത്താവിനെ കണ്ട് നമസ്കരിച്ചു. ദൈവത്തെ മഹത്വപ്പെടുത്തി. വിദ്വാന്മാർ അത്യന്തം സന്തോഷിച്ചു. അവർ തങ്ങളുടെ നിക്ഷേപപാത്രങ്ങൾ തുറന്നു അവനായി സമർപ്പിച്ചു. യേശുവിനെ കാണാതെ മരണം ഉണ്ടാകില്ലെന്ന് വിശ്വസിച്ച ശിമെയോൻ യേശുകർത്താവിനെ കരങ്ങളിൽ എടുത്ത് കർത്താവിനെ മഹത്വപ്പെടുത്തി എന്ന് ദൈവവചനം പഠിപ്പിക്കുന്നു.

ലോകത്തിന്റെ രക്ഷകനായി പിറന്നവനെ കാണാൻ, നമസ്കരിപ്പാൻ തിടുക്കത്തോടെ സാധാരണക്കാരായ ജനം പുറപ്പെട്ടു. എന്നാൽ കൊട്ടാരത്തിൽ സകല അധികാരങ്ങളുടെയും, സുഖസൗകര്യങ്ങളുടെയും ലോലുപതയിൽ ആയിരുന്ന മഹാരാജാവിന് രക്ഷകനെ തിരിച്ചറിയാൻ സാധിച്ചില്ല. യേശുവിന്റെ ജനനവാർത്ത അവനെ ഭ്രമിപ്പിച്ചു എന്നാണ് നാം കാണുന്നത്.

ഇന്നും കർത്താവിനെ ഹൃദയപൂർവ്വം കൈക്കൊള്ളുന്നവന്റെയും അല്ലാത്തവരുടെയും അന്തരം നമുക്ക് ഇവിടെ കാണാം. സുവാർത്ത കേൾക്കുമ്പോൾ അവനെ എതിരേല്പാൻ, ഹൃദയദൃഷ്ടി കൊണ്ട് കാണുവാൻ, നിക്ഷേപപാത്രങ്ങളെ തുറന്ന് ഹൃദയപൂർണ്ണമായി സമർപ്പിക്കുവാൻ ഒക്കെ ഉള്ള തിടുക്കം ഇന്ന് മനുഷ്യ ഹൃദയങ്ങളിൽ ഉണ്ടാകണം എന്നതാണ് ദൈവഹിതം. അവനെ പൂർണ്ണമായി കൈക്കൊള്ളുമെങ്കിൽ ജീവിതത്തിന്റെ അനുഭവം ഇങ്ങനെയാകുന്നു. രാജാധിരാജാവിനെ താണുവീണു നമസ്കരിപ്പാൻ പരിശുദ്ധാത്മാവ് ഹൃദയത്തെ പ്രചോദിപ്പിക്കും.

ഹെരോദാവിന് ജീവിതത്തിൽ ഒരു കുറവും ഉണ്ടായിരുന്നില്ല. എന്നാൽ എന്തൊക്കെ ഉണ്ടായിരുന്നിട്ടും കാണേണ്ട വെളിച്ചം എന്തെന്ന് കാണുവാനോ, മനസ്സിലാക്കുവാനോ അവന് കഴിഞ്ഞില്ല. ഹൃദയം വീണ്ടും യേശുവിന്റെ നേരെ അടച്ചുകളയുവാൻ ദുഷ്ടശക്തി ഇടയാക്കി.

അതുകൊണ്ട് നാം ലോകജീവിതത്തിൽ എത്ര സമൃദ്ധിയുടേയും സൗകര്യങ്ങളുടേയും നടുവിലായാലും അതു ദൈവത്തിന്റെ വരദാനം മാത്രമാകുന്നു. ലോകനന്മയുടെ ഇല്ലായ്മയോ, സുഭിക്ഷിതിയോ ഒന്നും ദാതാവിനെ കാണുവാനോ അറിയുവാനോ ഒരു തടസ്സമാകരുത്. താഴ്മയോടെ, സമർപ്പണത്തോടെ ദൈവസന്നിധിയിൽ ഹൃയകവാടങ്ങളെ തുറന്നു കൊടുക്കാം. ഓരോ ദിവസവും കർത്താവ് തരുന്ന പുതുശക്തി, സന്തോഷം, സമാധാനം – ഇതിനൊക്കെയായി സ്തോത്രം ചെയ്യാം. അവന്റെ സന്നിധിയിൽ ചെന്നവരാരും നിരാശരായി മടങ്ങിയിട്ടില്ല. നാം കണ്ടതുപോലെ ശിശുവിനെ കണ്ടവരെല്ലാം സന്തോഷിച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയാണ് ഉണ്ടായത്.

ഹൃദയത്തെ അടച്ചുവെച്ച് സ്വാശ്രയത്തിൽ ആശ്രയിച്ചുകൊണ്ട് ജീവിക്കുന്നവന് ഇന്ന് ഹെരോദാവിന്റെ അനുഭവം ആണ് ഉണ്ടാകുന്നത്. യേശുവിന്റെ ജനനം ഒരു 'ഭയം' അഥവാ 'ഭ്രമം' ഉണ്ടാക്കുന്നു. എന്നാൽ സ്നേഹത്തിൽ ഭയമില്ല എന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. കർത്താവിന്റെ അടുക്കലേക്ക് വന്നവന് ദൈവസ്നേഹം കാണുവാനും, അറിയുവാനും, നിറയുവാനും അവസരം ലഭിക്കുന്നു.ഭയം വിട്ടു മാറുന്നു. ജീവിതത്തിൽ ധൈര്യവും, സ്നേഹവും, പ്രത്യാശയും കൊണ്ട് നിറയുന്നു. അതുകൊണ്ട് നമുക്ക് ഈ ഭാഗ്യം തന്ന കർത്താവിനെ മഹത്വപ്പെടുത്താം. ഇന്ന് അനേകം ഹൃദയകവാടങ്ങളിൽ ജനിക്കാൻ 'യേശു' മുട്ടി വിളിക്കുമ്പോൾ ഭ്രമിച്ചുകൊണ്ട് ഹെരോദാവിനെപ്പോലെ പിൻമാറുന്ന ഒരു കൂട്ടത്തിന്റെ മധ്യത്തിൽ നാം ആയിരിക്കുകയാണ്. അതിന്റെ നടുവിലും യേശു കർത്താവിന്റെ ജനനം ഹൃദയത്തിൽ ഏറ്റെടുത്ത് ആ സന്തോഷത്തിൽ ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കാൻ കിട്ടിയ മഹാകൃപയ്ക്കായി നന്ദിയോടെ സ്തോത്രം ചെയ്യാം.

**പരാമർശം:**

**എഫെസ്യർ 3:17,18,19**

**ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു.**

**സിസ്റ്റർ ബിന്ദു റെജി അയ്മനം 101**